# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1929 | 07.12.2015-ലെ മറുപടിയ്ക്ക് |

## ബീഡിക്ക് പുതുതായി ഏർപ്പെടുത്തിയ നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | ബീഡിക്ക് പുതുതായി നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | പുകയില ഉത്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇതിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ തുടർനടപടിയുടെ ഭാഗമായി ബീഡിക്ക് മേൽ കേരള ധനകാര്യ നിയമം 2015 പ്രകാരം 14.5 ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ബീഡി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ജോലി സുരക്ഷിതത്വത്തിന് ഇത് ഭീഷണിയുയർത്തുന്നതായ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | പ്രസ്തുത കാര്യം സംബന്ധിച്ച് കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ; എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. പുകയില ഉത്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് ഇവയുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ തുടർനടപടിയുടെ ഭാഗമായാണ് ബീഡിക്ക് 14.5% നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. കേരള ദിനേശ് ബീഡിക്ക് മാത്രമായി നികുതി നിരക്ക് കുറയ്ക്കാൻ സാധ്യമല്ല. അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ബീഡിക്കും ഈ നികുതി നിരക്ക് ബാധകമാണ്. |

| | | | |
|---|---|---|---|
| (ഡി) | തോട്ടം തൊഴിൽ മേഖലയിൽ നൽകിയ മാതൃകയിൽ ബീഡി മേഖലയിലും നികുതിയിളവ് നൽകാൻ തയ്യാറാവുമോ? | (ഡി) | പുകയില ഇത്പ്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് ഇവയുടെ ഉപയോഗം കുറയ്ക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ബീഡിക്ക് നികുതിയിളവ് നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ